# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4417 — 19.10.2011-ൽ മറുപടിക്ക്

## കാർഷിക സർവ്വകലാശാല നിയമനങ്ങളിലെ പട്ടികജാതി/ പട്ടികവർഗ്ഗ പ്രാതിനിധ്യം

| ചോദ്യം | മറുപടി |
| --- | --- |
| പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.ബി. സത്യൻ<br>ശ്രീ. സാജു പോൾ<br>ശ്രീ. റ്റി.വി. രാജേഷ് | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കേരള കാർഷിക സർവ്വകലാശാല നിയമനങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | എ) ഉണ്ട്. കേരള കാർഷിക സർവ്വകലാശാലയിലെ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം അവലോകനം ചെയ്യുന്നതിനും, കേരള സംസ്ഥാനത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും വേണ്ടിയുള്ള സംസ്ഥാന കമ്മീഷന്റെ പ്രവർത്തനം നടപ്പിലാക്കുന്നതിനുമുള്ള ഉപദേശക സമിതിയുടെ 2011 ജനുവരി 13 ലെ 6-ാമത് യോഗം 2002 ന് ശേഷം സർവ്വകലാശാലയിൽ അദ്ധ്യാപക അനദ്ധ്യാപക തസ്തികകളിൽ എസ്സി/എസ്റ്റി വിഭാഗത്തിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താത്ത സാഹചര്യം വിലയിരുത്തിക്കൊണ്ട്, അദ്ധ്യാപക തസ്തികകളിൽ വിവിധ ഫാക്കൽറ്റികളിലെ വിവിധ ഡിസിപ്ലിനുകളിൽ എസ്സി/എസ്റ്റി വിഭാഗങ്ങളുടെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നതിനായി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ആയതിൻ പ്രകാരം<br>(1) <u>**അദ്ധ്യാപക തസ്തികകളിലെ സ്പെഷ്യൽ റിക്രൂട്ട്മെന്റ്**</u><br>അഗ്രികൾച്ചറൽ ഫാക്കൽറ്റിയിലെ 9 ഡിസിപ്ലിനുകളിലായി പ്രൊഫസർ (4), അസോസിയേറ്റ് പ്രൊഫസർ (14), അസിസ്റ്റന്റ് പ്രൊഫസർ (10) ഉം ഉൾപ്പെടെ 28 ഒഴിവുകളും, അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് & ടെക്നോളജി ഫാക്കൽറ്റിയിലെ ഒരു ഡിസിപ്ലിനിൽ പ്രൊഫസർ (1), അസോസിയേറ്റ് പ്രൊഫസർ (1) ഉം ഉൾപ്പെടെ 2 ഒഴിവുകൾ (ആകെ 30 ഒഴിവുകൾ) നികത്തുന്നതിനായുള്ള അപേക്ഷ ക്ഷണിച്ചുകൊണ്ട് 20.7.2011 ലെ ജി.എ./കെ3/9881/2011-ാം നമ്പർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |

(2) <u>അനദ്ധ്യാപക തസ്തികയിലേക്കുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ്</u>

കേരള കാർഷിക സർവ്വകലാശാല വിഭജിച്ച് പുതിയ കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാലയും, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് & ഓഷ്യൻ സ്റ്റഡീസും നിലവിൽ വന്ന സാഹചര്യത്തിൽ കേരള കാർഷിക സർവ്വകലാശാലയിൽ നിലവിലുള്ള അനദ്ധ്യാപക തസ്തികകളിൽ അനുവദിച്ച തസ്തിക, എസ്‌സി/എസ്റ്റി പ്രാതിനിധ്യം, കുറവ് എന്നിവ നിർണ്ണയിച്ച് ബാക്ക്ലോഗ് കണക്കാക്കി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്ന കാര്യം സർവ്വകലാശാലയുടെ സത്വര പരിഗണനയിലാണ്.

ബി) പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യക്കുറവ് സർവ്വകലാശാല അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ തസ്തിക തിരിച്ചുള്ള പ്രാതിനിധ്യം വ്യക്തമാക്കാമോ ;

ബി) ഉണ്ട്.
തസ്തിക തിരിച്ചുള്ള എസ്‌സി/എസ്റ്റി പ്രാതിനിധ്യവും നികത്താവുന്ന ഒഴിവും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം I - ൽ കൊടുത്തിരിക്കുന്നു.

സി) പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യക്കുറവ് പരിഹരിക്കാൻ അവസാനമായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയത് എപ്പോഴാണ്; നടത്തിയ നിയമനങ്ങൾ, എണ്ണം, എന്നിവ തസ്തിക തിരിച്ച് അറിയിക്കുമോ ;

സി) അദ്ധ്യാപക തസ്തികകളിലേക്ക് 2002 ലും അനദ്ധ്യാപക തസ്തികകളിലേക്ക് 1995 ലുമാണ് അവസാനമായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴിയുള്ള നിയമനം നടന്നിട്ടുള്ളത്. സർവ്വകലാശാലയിൽ അദ്ധ്യാപക തസ്തികകളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി ഇതുവരെ നടന്ന നിയമനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം II- ൽ കൊടുത്തിരിക്കുന്നു.

സർവ്വകലാശാലയിൽ അനദ്ധ്യാപക തസ്തികകളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി ഇതുവരെ നടന്ന നിയമനങ്ങളുടെ വിശദാംശങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

<u>അനദ്ധ്യാപക തസ്തിക</u>

കമ്പോസിറ്റർ (1), ആർട്ടിസ്റ്റ് (1), മേട്രൺ (1), ടൈപ്പിസ്റ്റ് (4), ടെക്നീഷ്യൻ ഗ്രേഡ് 2 പ്ലംബർ (1), അഗ്രി.മെക്കാനിക്ക് (1), ഫാം അസിസ്റ്റന്റ് (6), അസി.എഞ്ചിനീയർ (1), റഫറൻസ് അസിസ്റ്റന്റ് (1), അസിസ്റ്റന്റ് ഗ്രേഡ് 2 (13), ഡ്രൈവർ ഗ്രേഡ് 3 (എൽ.ഡി.വി) (5), എൽ.പി.എസ്.എ(മലയാളം മീഡിയം) (1)

ഡി) സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താൻ വിജ്ഞാപനം പുറപ്പെടുവിച്ച ശേഷം എത്ര പ്രാവശ്യം ക്യാൻസൽ ചെയ്തിട്ടുണ്ട്; ക്യാൻസൽ ചെയ്യാനുള്ള കാരണം വിശദമാക്കാമോ ;

ഡി) കേരള കാർഷിക സർവ്വകലാശാലയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി അഗ്രിക്കൾച്ചർ, അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് & ടെക്നോളജി ഫാക്കൽറ്റികളിലെ പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ എന്നീ തസ്തികകളിലേക്കുള്ള അപേക്ഷ 1986 ലെ യു.ജി.സി. നിയമന മാനദണ്ഡങ്ങളും നിലവിലുള്ള കെ.എ.യു. സ്റ്റാറ്റ്യൂട്ട് യോഗ്യതകളും അനുസരിച്ചാണ് 20.6.2011 ലെ ജി.എ./കെ3/9881/2011-ാം നമ്പർ

വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. എന്നാൽ 20.6.2011 ലെ വിജ്ഞാപനം 2006 യു.ജി.സി. നിയമത്തിനനുസൃതമായി പരിഷ്ക്കരിക്കേണ്ടതുള്ളതിനാലാണ് പിൻവലിക്കപ്പെട്ടത്. ഈ സാഹചര്യം ആദ്യമായിട്ടാണ് ഉണ്ടായിട്ടുള്ളത്

ഇ) 19-11-1989ലെ സ്പെഷ്യൽ റിക്രൂട്ട്മെന്റിനു വേണ്ടിയുള്ള വിജ്ഞാപനപ്രകാരം നടത്തിയ നിയമനങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കാമോ; ഈ വിജ്ഞാപനത്തിന് ആധാരമായ അസ്സസ്സ്മെന്റ് പ്രകാരം കണ്ടെത്തിയ പ്രാതിനിധ്യക്കുറവുള്ള തസ്തികകളും എണ്ണവും അറിയിക്കുമോ ; ഈ പ്രാതിനിധ്യക്കുറവ് പൂർണ്ണമായും പരിഹരിച്ചോ എന്ന് വ്യക്തമാക്കുമോ ?

ഇ) 13.11.1989 ലെ ജി.എ./കെ3/31926/89ാം നമ്പർ വിജ്ഞാപന പ്രകാരമുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ അനുബന്ധം III-ൽ കൊടുത്തിരിക്കുന്നു

പ്രസ്തുത വിജ്ഞാപന പ്രകാരം വെറ്ററിനറി ഫാക്കൽറ്റിയിലെ 3 പ്രൊഫസർ തസ്തികയിലേക്കുള്ള നിയമനം മാത്രമാണ് നടന്നിട്ടുള്ളത്. മേൽ സാഹചര്യങ്ങളാൽ വന്ന ഒഴിവുകളിൽ അസിസ്റ്റന്റ് പ്രൊഫസർമാരുടെ ഒഴിവുകൾ നികത്തുന്നതിനുവേണ്ടി വ്യത്യസ്ത വിജ്ഞാപനങ്ങൾ വഴി സ്വീകരിച്ച നടപടികൾ പ്രകാരം;

(i) 12.11.1993 ലെ ജി.എ./കെ3/48878/92-ാം നമ്പർ വിജ്ഞാപന പ്രകാരം അഗ്രിക്കൾച്ചർ ഫാക്കൽറ്റിയിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ 9 പേരെയും

(ii) 24.5.2000 ലെ ജി.എ./കെ3/39947/99-ാം നമ്പർ വിജ്ഞാപന പ്രകാരം വിവിധ ഫാക്കൽറ്റികളിൽ അഗ്രിക്കൾച്ചർ (4) ഉം വെറ്ററിനറി (1) ഉം ഫിഷറീസ് (1) ഉം അഗ്രിക്കൾച്ചർ എഞ്ചിനീയറിംഗ് (1) ഉം ഉൾപ്പെടെ 24 ഒഴിവുകളിൽ 7 പേരെയും നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

മേൽ നിയമന നടപടികൾക്കുശേഷം നിശ്ചിത ക്വാട്ടയിൽ വന്ന കുറവു പരിഹരിക്കുന്നതിനും 2002 നു ശേഷം അദ്ധ്യാപക തസ്തികകളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടക്കാത്ത സാഹചര്യവും വിലയിരുത്തിക്കൊണ്ടാണ് 2011 ജനുവരി 13 ന് നടന്ന ഉപദേശക സമിതിയുടെ 6-ാമത് യോഗത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 20.6.2011 ലെ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. മേൽ വിജ്ഞാപനം 1986 ലെ സ്റ്റാറ്റ്യൂട്ട് പ്രകാരമായതിനാൽ അത് പിൻവലിച്ച സാഹചര്യത്തിൽ 2006 യു.ജി.സി യോഗ്യതകളും, സേവന വേതന വ്യവസ്ഥകളും അനുസരിച്ച് പുനർ വിജ്ഞാപനം ചെയ്യുന്ന കാര്യം ഭരണസമിതിയുടെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.